# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 300      04/06/2018-ൽ മറുപടിക്ക്

## ആർ.സി.സി. യിലെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | തിരുവനന്തപുരം ആർ.സി.സി.യിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ നടക്കുന്ന രൂക്ഷമായ ഭിന്നതയിൽ സർക്കാർ ഇടപെടാത്തത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) | ആർ.സി.സിയിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ ഭിന്നത നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പ്രസ്തുത സ്ഥാപനത്തിലെ ഡയറക്ടർ, അക്കാദമിക് വിഭാഗം അഡീഷണൽ ഡയറക്ടർ, മെഡിക്കൽ സൂപ്രണ്ട് എന്നിവർ സ്ഥാനമൊഴിയുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; | ബി) | ആർ.സി.സി. ഡയറക്ടർ സ്ഥാനമൊഴിയാൻ സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട് . |
| സി) | ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിലെ ഡോക്ടർമാരുടെ തമ്മിലടി പ്രസ്തുത വിഭാഗത്തിലെ പ്രവർത്തനത്തെ താളം തെറ്റിക്കുകയും ആലപ്പുഴ സ്വദേശിയായ പെൺകുട്ടി എച്ച്.ഐ.വി. ബാധിതയായി മരണപ്പെടുവാനും ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | സി) | ആലപ്പുഴ സ്വദേശിനിയായ പെൺകുട്ടി മരിക്കാനിടയായത് ക്യാൻസർ രോഗം മൂലമാണ്. (Relapsed Acute Luckaemia). |
| ഡി) | പെൺകുട്ടിക്ക് എച്ച്.ഐ.വി. ബാധയുണ്ടായത് ആർ.സി.സി.യിലെ ചികിത്സയിൽ നിന്നല്ലായെന്ന ആരോഗ്യമന്ത്രിയുടെ മുൻനിലപാട് മാറ്റേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | ഡി) | ഇല്ല . |
| ഇ) | ഇപ്രകാരമുള്ള തർക്കങ്ങളിൽ സമയത്ത് ഇടപെട്ട് ആയിരക്കണക്കിന് സാധാരണക്കാരായ രോഗികളുടെ ആശ്രയമായ ആർ.സി.സി.യെ രക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ഇ) | ആർ.സി.സി യിലെ രോഗികളുടെ ചികിത്സയെ ബാധിക്കുന്ന തരത്തിലുള്ള ഒരു പ്രശ്നവും ആർ.സി.സി.യിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ